# നവമാധ്യമങ്ങൾ മലയാളകവിതയെ നവീകരിച്ചിട്ടുണ്ടോ..?

## മലയാളം സൈബർകവിതകളെ മുൻനിർത്തിയുള്ള ആലോചനകൾ

**ഡോ. തനൂജ ജി.**

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആരംഭിച്ച സാങ്കേതിക വിപ്ലവം സാഹിത്യസങ്കൽപ്പനങ്ങളിലും ആവിഷ്കാര രൂപങ്ങളിലും സമൂലമായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. അച്ചടി മാധ്യമത്തിൽനിന്നും ഡിജിറ്റൽ ലോകത്തേക്കുള്ള ഈ മാറ്റം കേവലം മാധ്യമപരമായ മാറ്റമായിരുന്നില്ല, മറിച്ച് അത് സാഹിത്യത്തിന്റെ ഭൗതികവും രൂപപരവും സാമൂഹികവുമായ മാനങ്ങളെ പുനർനിർവചിച്ചു. ഈ മാറ്റം ഏറ്റവും സമഗ്രമായും സൂക്ഷ്മമായും പ്രവർത്തിച്ചത് കവിതയിലാണ്. പുതിയ രചനാ രീതികളും വായനക്കാരനുമായുള്ള തുറന്നതും നിരന്തരവും ഇന്ററാക്ടീവുമായ ബന്ധങ്ങളും സൗന്ദര്യശാസ്ത്രവും സൈബർകവിതയെ കാവ്യലോകത്തിലെത്തന്നെ വേറിട്ടൊരു ഇടമാക്കുന്നുണ്ട്. അച്ചടി ആനുകാലികങ്ങളും പുസ്തകപ്രസാധകരും കവിതയെ പാർശ്വവത്കരിച്ച സന്ദർഭത്തിലാണ് ഇന്റർനെറ്റിലൂടെ ഈ പുനരുജ്ജീവനമുണ്ടായതെന്നതും ശ്രദ്ധേയമാണ്.

ഇന്റർനെറ്റിൽ ബ്ലോഗുകൾ, വെബ് മാഗസിനുകൾ, വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹിത്യരചനകളെ കുറിക്കാൻ പൊതുവേ ഉപയോഗിക്കുന്ന പദമാണ് "സൈബർ സാഹിത്യം". വാമൊഴി, വരമൊഴി എന്നീ പഴയ വിഭജനങ്ങളെപ്പോലെ സാഹിത്യത്തെ വേർതിരിക്കുന്ന ഒരു പുതിയ വിഭാഗമായി ഇതു മാറിയിരിക്കുന്നു. എന്നാൽ സൈബർ കവിത വെറും കമ്പ്യൂട്ടർ സ്ക്രീനിലെ അക്ഷരങ്ങളല്ല, അതായത് പ്രതലപരമായ ഒരു വ്യത്യാസം മാത്രമല്ല, മറിച്ച് സൈബർ "ഉപകരണങ്ങളുടെ" സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന ഒരു കാവ്യരൂപമാണ് എന്നതാണ് പ്രധാനം. ഹൈപ്പർലിങ്കുകൾ, ആനിമേഷൻ, ഓഡിയോ, വീഡിയോ, ഇന്ററാക്ടിവിറ്റി തുടങ്ങിയ സൈബർ ടൂളുകൾ കവിതയുടെ രൂപഘടനയെയും, അവതരണത്തെയും, രചനാ പ്രക്രിയയെയും സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ സാധ്യതകൾ മലയാളത്തിൽ വിപുലമായി ഉപയോഗിക്കപ്പെട്ടിട്ടില്ല. വിഷ്ണുപ്രസാദ്, ടി.പി. വിനോദ് തുടങ്ങി അപൂർവം കവികൾ

മാത്രമാണ് ഇന്റർനെറ്റ് വ്യവഹാര സാധ്യതകൾ കാവ്യഭാഷയിലും ആഖ്യാനത്തിലും പ്രയോജനപ്പെടുത്തിക്കാണുന്നത്. ഇന്റർനെറ്റിലൂടെ പ്രകാശിതമായ പഴയ അച്ചടിക്കവിതകളുടെ അതേ ഫോർമാറ്റിലുള്ള കവിതയെയാണ് നമ്മളിന്ന് പൊതുവെ സൈബർകവിത എന്ന വിളിച്ച വരുന്നത്. ഒരു കവിത അച്ചടിമാധ്യമത്തിലും ബ്ലോഗിലും പ്രസിദ്ധീകരിക്കപ്പെട്ടാൽ, ബ്ലോഗിലേത് സൈബർ സാഹിത്യത്തിൽ പെടുന്നതായി കണക്കാക്കപ്പെടുന്നു. ഇത് പ്രസാധനത്തിലും വായനയിലും പ്രചാരണത്തിലുമുള്ള സ്വാതന്ത്ര്യത്തിന്റെ പുതിയ സാധ്യതകൾക്ക് വഴി തുറക്കുന്ന എന്നമാത്രമേ പൊതുവായി കാണാനുള്ളൂ .

സൈബർ കവിതയുടെ "പുതുമ"യെക്കുറിച്ചുള്ള വിമർശനാത്മകസംവാദങ്ങളും ഈ കാലഘട്ടത്തിൽ സംഭവിക്കുന്നുണ്ട്. ബ്രയാൻ കിം സ്റ്റീഫൻസിനെ പോലുള്ളവർ സൈബർ കവിതയെ നെഗറ്റീവ് നിർവചനങ്ങൾ ഉപയോഗിച്ചാണ് അടയാളപ്പെടുത്തുന്നത്. ന്യൂയോർക്കിലെ ആധുനികാനന്തര നഗരകവിതാ സംസ്കാരത്തിൽ പ്രധാനിയാണ് സ്റ്റീഫൻസ്. എഡിറ്ററായും സംഘാടകനായും അദ്ദേഹം സൈബർകവിതാലോകത്ത് സജീവമാണ്, പബ്ലിഷേഴ്സ് വീക്ക്ലി , ദി ബോസ്റ്റൺ റിവ്യൂ, സെന്റ് മാർക്സ് പോയട്രി പ്രോജക്റ്റ് ന്യൂസ്‌ലെറ്റർ , ഷാർക്ക് , റെയിൻ ടാക്സി , വേഴ്സ് , ടിപ്‌വയർ , യുണൈറ്റഡ് സ്റ്റേറ്റ്സിലും വിദേശത്തുമുള്ള മറ്റ് ചെറുകിട ജേണലുകൾ തുടങ്ങിയ ഒട്ടനവധി മാധ്യമങ്ങളിലൂടെ നിരവധി പഠനങ്ങൾ അദ്ദേഹംപ്രസിദ്ധീകരിച്ചു. 1996-ൽ സ്ഥാപിതമായ "അവങ്ങ്-ഗാർഡ് കവിതയ്ക്കും ശബ്ദകലയ്ക്കും" വേണ്ടിയുള്ള ഡിജിറ്റൽ ജേണലായ ഉബുവെബിന്റെ ആദ്യകാല എഴുത്തുകാരനമായിരുന്ന അദ്ദേഹം. ബ്രയാൻ കിം സ്റ്റെഫാൻസ് 1998-ൽ **arras.net** എന്ന വെബ്സൈറ്റ് സ്ഥാപിച്ചു. . "Suicide in an Airplane (1919)", "Star Wars (one letter at a time)", "The Dreamlife of Letters", "Kluge: A Meditation" തുടങ്ങിയ രചനകൾ അവിടെ ലഭ്യമാണ്. സ്റ്റെഫാൻസിന്റെ ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെട്ട കൃതികളിൽ ഒന്നാണ് '**ദ ഡ്രീംലൈഫ് ഓഫ് ലെറ്റേഴ്സ്**'. 2000-ൽ ഇത് arras.net-ൽ ആദ്യമായി പ്രസിദ്ധീകരിക്കുകയും, 2006-ൽ ഇലക്ട്രോണിക് ലിറ്ററേച്ചർ കളക്ഷന്റെ ആദ്യ വാല്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കവിയും ഫെമിനിസ്റ്റ് സൈദ്ധാന്തികയുമായ റേച്ചൽ ബ്ലോ ഡുപ്ലെസിസിന്റെ ഒരു ലേഖനത്തിലെ വാക്കുകൾ ഉപയോഗിച്ച് സ്റ്റെഫാൻസ് ആദ്യം അക്ഷരമാലാക്രമത്തിൽ

കവിതയാക്കി എഴുതുകയും പിന്നീട്, ഈ കവിതകളെ ഫ്ലാഷ് പ്ലാറ്റ്ഫോം ഉപയോഗിച്ച് 11 മിനിറ്റ് ദൈർഘ്യമുള്ള, സംവേദനാത്മകമല്ലാത്ത ഒരു വീഡിയോയായി വെബിൽ അവതരിപ്പിക്കുകയുമാണ് ചെയ്തത്..

അച്ചടിച്ച പേജിലെ കറുത്ത അക്ഷരങ്ങളുടെ പരിമിതിയില്ലായ്മ, ഒറിജിനൽ കൃതിയുടെ അഭാവം (പകർത്താവുന്നതിനാൽ), കൃതിയിലുള്ള ക്ലോഷറിന്റെ അഭാവം എന്നിവയാണ് സൈബർകവിതയുടെ പ്രത്യേകതയായി അദ്ദേഹം വിശദീകരിക്കുന്നത്. അതേസമയം, കാതറിൻ ഹെയ്ൽസ് സൈബർകവിത ഒരു പുതിയ വിമർശന സമീപനം ആവശ്യപ്പെടുന്ന മൗലികമായ ഒരു കാവ്യരൂപമാണെന്ന് വാദിച്ചു. മറ്റു ചിലർ, ഇരുപതാം നൂറ്റാണ്ടിലെ ആവാങ്-ഗാർഡ് പാരമ്പര്യങ്ങളുടെ (ഉദാഹരണത്തിന്, കോൺക്രീറ്റ് പോയട്രി) സ്വാഭാവികമായ തുടർച്ചയായി സൈബർ കവിതയെകാണുന്നു. മൂർത്ത കവിതയുടെ ചലനാത്മകവും ദൃശ്യപരവുമായ സ്വഭാവങ്ങൾ മൾട്ടിമീഡിയയുടെ ആവിർഭാവത്തോടെ പൂർണ്ണമായ ഒരു അവസ്ഥയിൽ എത്തിച്ചേർന്നു എന്ന് അവർ വാദിക്കുന്നു.

കമ്പ്യൂട്ടർ സാഹിത്യത്തിന്റെ ആദ്യകാല പരീക്ഷണങ്ങൾ 1950-കളിൽത്തന്നെ ആരംഭിക്കുന്നുണ്ട്. കമ്പ്യൂട്ടറുകളെ സർഗ്ഗാത്മക ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് തെളിയിച്ച ആദ്യകാല സംരംഭങ്ങളിൽ ഒന്നാണ് ക്രിസ്റ്റഫർ സ്ട്രാച്ചിയുടെ "ലവ് ലെറ്റർ ജനറേറ്റർ" (1952). ഈ പ്രോഗ്രാം വഴി ഹ്രസ്വമായ പ്രണയലേഖനങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ച് നിർമ്മിച്ചു. 1959-ൽ തിയോ ലുട്സ് കമ്പ്യൂട്ടറിനായി എഴുതിയ "സ്റ്റോക്കാസ്റ്റിക് ടെക്സ്റ്റ്സ്" എന്ന പ്രോഗ്രാം, ഫ്രാൻസ് കാഫ്കയുടെ നോവലിലെ ശീർഷകങ്ങളിൽ നിന്ന് റാൻഡം വാക്യങ്ങൾ സൃഷ്ടിച്ചു, ഇതാണ് പിന്നീട് കമ്പ്യൂട്ടർ നിർമ്മിത കവിതകൾക്ക് വഴി തുറന്നത്. അതിനാൽ ഈ ശ്രമം പിന്നീട് "ചരിത്രാതീത ഡിജിറ്റൽ കവിത" (prehistoric digital poetry) എന്ന് അറിയപ്പെട്ടു. 1960-കളാവുമ്പോഴേക്കും കമ്പ്യൂട്ടറുകളും സർഗാത്മകതയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി. Nanni Balestrini-യുടെ "ടേപ്പ് മാർക്ക് I" (1961) എന്ന കവിത ഒരു IBM 7070 കമ്പ്യൂട്ടറിലാണ് രചിക്കപ്പെട്ടത്, ഇത് ആദ്യത്തെ ഇറ്റാലിയൻ ഇലക്ട്രോണിക് സാഹിത്യമായി കണക്കാക്കപ്പെടുന്നു. ഇതേ കാലഘട്ടത്തിൽത്തന്നെ E. M. de Melo e Castro-യുടെ "Roda Lume" (1968) എന്ന വീഡിയോ കവിതയും, Margaret Masterman-ന്റെ

"Computerized Japanese haiku" (1968) എന്ന കമ്പ്യൂട്ടർ നിർമ്മിത ഹൈക്കുവും പുറത്തിറങ്ങി. ജോസഫ് വെയ്സെൻബോം ചാറ്റ്ബോട്ടായ 'ELIZA'-യെ രൂപകൽപ്പന ചെയ്യുന്നതും, ടെഡ് നെൽസൺ "ഹൈപ്പർടെക്സ്റ്റ്", "ഹൈപ്പർമീഡിയ" എന്നീ വാക്കുകൾ രൂപപ്പെടുത്തുന്നതും ഈ കാലഘട്ടത്തിൽത്തന്നെയാണ്. സാങ്കേതികവും സൈദ്ധാന്തികവുമായ ഇത്തരം വികാസങ്ങൾ അച്ചടി മാധ്യമത്തിലെ രേഖീയ (linear) ഘടനയെ വെല്ലുവിളിക്കുന്ന ഒരു പുതിയ ആഖ്യാനരീതിക്ക് അടിത്തറയിട്ടു.

1980-90 കാലഘട്ടമാണ് ഹൈപ്പർടെക്സ്റ്റ് കവിതയുടെ വ്യാപനത്തിന് സാക്ഷ്യം വഹിച്ചത്. ഹൈപ്പർലിങ്കുകൾ ഉപയോഗിച്ച് വിവിധ ടെക്സ്റ്റുകളെയും മൾട്ടിമീഡിയാ ഘടകങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു കാവ്യരൂപമാണ് ഹൈപ്പർടെക്സ്റ്റ് കവിത. ഇത് വായനക്കാരന് അയാൾക്കു താൽപ്പര്യമുള്ള വഴികളിലൂടെ സഞ്ചരിക്കാൻ അവസരം നൽകുന്നു, അതുവഴി ഓരോ വായനയും ഒരു പുതിയ അനുഭവസഞ്ചാരമായി മാറുന്നു. 1980-കളിൽ ഇത്തരം കവിതകൾ പ്രധാനമായും ഫ്ലോപ്പി ഡിസ്കുകളിലാണ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. മൈക്കിൾ ജോയ്സിന്റെ 'Afternoon, a story' (1987) ഈ രംഗത്തെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു.

1990-കളിൽ വേൾഡ് വൈഡ് വെബ്ബിന്റെ വ്യാപനത്തോടെ ഹൈപ്പർടെക്സ്റ്റ് കവിത ഫ്ലോപ്പി ഡിസ്കുകളിൽ നിന്ന് വെബ്ബിലേക്ക് മാറി ഈ കാലഘട്ടത്തെ ഹൈപ്പർടെക്സ്റ്റ് സാഹിത്യത്തിന്റെ "സുവർണകാലം" എന്ന് വിശേഷിപ്പിക്കാറുണ്ട് ഈ കാലഘട്ടത്തിലെ പ്രമുഖ കൃതികളിൽ സ്റ്റുവർട്ട് മൗൾത്രോപ്പിന്റെ 'Victory Garden' (1991), ഷെല്ലി ജാക്സന്റെ 'Patchwork Girl' (1995), 'My Body' എന്നിവ ഉൾപ്പെടുന്നു. ഈ കൃതികൾ പരമ്പരാഗത വായനയുടെ രേഖീയ സ്വഭാവത്തെ മാറ്റി എഴുതി. 2000-ആയപ്പോഴേക്കും സൈബർ കവിത കൂടുതൽ സാങ്കേതികമായി വളർന്നു. ഈ പതിറ്റാണ്ടിൽ ടെക്സ്റ്റ്, ഓഡിയോ, വിഷ്വൽസ്, ആനിമേഷൻ എന്നിവയുടെ ഏകീകരണം സംഭവിച്ചു. ജിം ആൻഡ്രൂസിന്റെ 'Nio' (2001) എന്ന ഇന്ററാക്ടീവ് ശബ്ദകവിത ഇതിനൊരു ഉദാഹരണമാണ്. ഈ കാലഘട്ടത്തിലാണ് ഇലക്ട്രോണിക് ലിറ്ററേച്ചർ ഓർഗനൈസേഷൻ (ELO) 1999-ൽ സ്ഥാപിതമാകുന്നത്. ഡിജിറ്റൽ സാഹിത്യത്തിന്റെ പ്രസാധനം, പഠനം, ആർക്കൈവിംഗ് എന്നിവയെ വ്യവസ്ഥപ്പെടുത്താനുള്ള

ഒരു ചുവടായിരുന്നു അത്. ഇലക്ട്രോണിക് ലിറ്ററേച്ചർ കളക്ഷന്റെ (ELC) ആദ്യ വോളിയം 2006-ൽ പുറത്തിറങ്ങിയത് ഈ രംഗത്തെ ശ്രദ്ധേയമായ ഒരു സംഭവമാണ്. (https://collection.eliterature.org/1/) ഇത് നിരവധി പരീക്ഷണാത്മക കവിതകളെ ഒന്നിപ്പിച്ച് അച്ചടി മാധ്യമത്തിൽ നിലവിലില്ലാത്ത ഒരു ഡിജിറ്റൽ സമാഹാരത്തിന് വഴിയൊരുക്കി.

2015 ആകുമ്പോഴേക്കും സൈബർ കവിത ഒരു പ്രത്യേക പരീക്ഷണ കലാരൂപത്തിൽ നിന്ന്, ലോകകവിതയുടെ ഭൗതികവും, രൂപപരവും, സാമൂഹികവുമായ മാനങ്ങളെ മൗലികമായി പരിവർത്തിപ്പിച്ച ഒരു നിർണായക ശക്തിയായി മാറിയിരിക്കുന്നു എന്നു കാണാവുന്നതാണ്. ജനറേറ്റീവ് കവിത, ഹൈപ്പർ ടെക്സ്റ്റ് കവിത, മൾട്ടി മീഡിയാ കവിത, ഇന്ററാക്റ്റീവ് കവിത എന്നിങ്ങനെ പല ചുവടുകളിലൂടെ വികാസം പ്രാപിച്ചതാണ് ലോക സൈബർ കവിത എന്നു കാണാം. എന്നാൽ മലയാളത്തിൽ അത്തരം പരീക്ഷണങ്ങൾ കാര്യമായി സംഭവിച്ചിട്ടില്ല എന്നതാണ യാഥാർത്ഥ്യം. അച്ചടിമലയാളം നാടുകടത്തിയ പ്രസിദ്ധീകരണത്തിനു പരിഗണിക്കാത്ത കവിതകളുടെ തുറന്ന, സ്വതന്ത്രമായ, എഡിറ്ററുടെ കയ്യൊപ്പില്ലാത്ത അവനവവൻ പ്രസാധന ഇടമെന്ന നിലയ്ക്കാണ് മലയാളത്തിൽ സൈബർ കവിതകളുടെ ഇന്റർനെറ്റ് ഇടങ്ങൾ പൊതുവെ പ്രവർത്തിക്കുന്നത്. പ്രോഗ്രാമിങ്ങ് സാധ്യതകൾ ഉപയോഗിക്കുന്ന മലയാളകവി ഇപ്പോഴും സാധ്യതയായി അവശേഷിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് സൈബർ കവിതയുടെ മലയാളമുഖത്തെക്കുറിച്ചുള്ള സംവാദം പ്രസക്തമാവുന്നത്. കവിതയുടെ കാർണിവൽ ആദ്യപതിപ്പിൽ (2016) പുതുകവിതയുടെ 25 വർഷങ്ങൾ എന്ന പ്രമേയത്തിനകത്തു ഒരു പ്രധാന ചർച്ചാവിഷയമായി നവമാധ്യമകവിത മലയാളകവിതയെ നവീകരിച്ചിട്ടുണ്ടോ എന്ന ചോദ്യം കടന്നുവന്നതും അതുകൊണ്ടുതന്നെയാണ്. അബ്ദുൾഹക്കീം മോഡറേറ്ററായി വന്ന ഈ ചർച്ചയിൽ ഉന്നയിക്കപ്പെട്ട വാദഗതികൾ പരിശോധിക്കാം.

കവിതയെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ കാഴ്ച്ചപ്പാടുകളെ എല്ലാം മാറ്റിമറിച്ച സാങ്കേതികവിദ്യയുടെ കാലത്താണ് നാം ജീവിക്കുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റും വ്യാപകമായതോടെ മറ്റു മേഖലകളിൽ എന്നപോലെ കവിതയിലും വലിയ മാറ്റങ്ങൾ ഉണ്ടായി.

കവിതയുടെ ആഖ്യാനത്തിൽ, ഘടനയിൽ സംവേദനത്തിൽ എല്ലാം ഉണ്ടായ മാറ്റങ്ങൾ നാം പലതരത്തിൽ വിലയിരുത്താറുണ്ട്. ഇന്ന് കവിത കൂടുതൽ എഴുതപ്പെടുന്നു. കൂടുതൽ വായിക്കപ്പെടുന്നു. വായിക്കുക എന്ന പ്രാഥമിക തലത്തിനപ്പുറം അതിനെ മറ്റുതലങ്ങളുമായി ബന്ധിപ്പിക്കുക വഴി കവിതയുടെ ആസ്വാദനതലം വർദ്ധിക്കുന്നു.

സൈബർസ്പെയ്സിൽ ഒരു കവിത എത്തുമ്പോൾ അതിന്റെ വിന്യാസക്രമങ്ങളിലെല്ലാം പുതുമകൾ വരുന്നു. പരമ്പരാഗത കവിതാവയനയേയും പഠനരീതികളേയും ആസ്വാദനരീതിയേയും ഇതു മാറ്റി മറിക്കുന്നു. ഏതുസമയത്തും കവിത കാണാനും വായിക്കാനും കേൾക്കാനും അഭിപ്രായം രേഖപ്പെടുത്താനും സാധിക്കുന്നു. കവിത എന്ന വലിയ ദാർശനിക സമസ്യയെ ആ തലം വിട്ട് പലപ്പോഴും ചെറിയ തലത്തിലേക്ക്, ലഘുത്വത്തിലേക്ക് ചുരുക്കി കൊണ്ടുപോകുന്നു എന്ന വിമർശനവും ശ്രദ്ധേയമാണ്.

90കൾക്ക് ശേഷം ഗാട്ട്കരാറിനു ശേഷം ഇന്ത്യൻ കാലാവസ്ഥ മാറുകയും അതിനേക്കാളധികം സാങ്കേതികവിദ്യ അപ്പാടെ മാറുകയും ചെയ്തു പശ്ചാത്തലം സൈബർകവിതയുമായി ചേർത്തുവെക്കുകയാണ് എൽ. തോമസ് കുട്ടി. ലോകം മുഴുവൻ പുതിയൊരു നെറ്റ് വർക്കിലേക്ക് വന്നു. ആഗോളവത്കരണം യാഥാർത്ഥ്യമായി. കേരളത്തിൽ ഏറ്റവും വലിയ വെല്ലുവിളി ഉണ്ടായത് ISRO യിലെ ശാസ്ത്രജ്ഞർക്കിടയിലായിരുന്നു. റഷ്യയുമായി സഹകരിച്ചായിരുന്നു നമ്മുടെ നിരീക്ഷണപ്രവർത്തനങ്ങൾ നടന്നത്. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ 90കളിൽ പഴയതു പോലെ ചേർന്നുപോവാൻ പറ്റാതെ വരികയും നമ്മുടെ ഗവേഷണപ്രവർത്തങ്ങൾ പ്രതിസന്ധിയിലാവുകയും ചെയ്തു. ഇത്തരം മാറ്റങ്ങൾ എല്ലാമേഖലയിലുമുണ്ടായി. ശാസ്ത്രജ്ഞരുടേതായ പുതിയൊരു വിങ്ങ് ഉണ്ടാക്കിയാണ് ഇന്ത്യ ഈ പ്രതിസന്ധിയെ മറികടന്നത്.

ഇതിൽ ഒത്തുചേർന്നു പോയപ്പോഴാണ് നമ്മുടെ കവിതയുടെ ഡിക്ഷനും താല്പര്യവും പെരുമാറ്റങ്ങളും രാഷ്ട്രീയവും അതിന്റെ പ്രയോഗവിധികളും എല്ലാം വ്യത്യസ്തമായത്. കൃത്യമായി ഹൈടെക്ക് ആയിട്ടുള്ള കാലം വരുമ്പോൾ അതുവരെ ഉണ്ടായിരുന്ന , എടുത്തുപെരുമാറിയിരുന്ന പദങ്ങളുടെ ഘടനയോ രീതിയോ ആയിരുന്നില്ല. കവിതയിൽ പുതിയ വാക്കുകൾ കടന്നു വന്നു. കൂടുതൽ ഇൻഫൊർമേഷനുകളുള്ള ഡിജിറ്റൽ ഫോമുകൾ

പ്രയോഗത്തിൽ വരുന്ന കാലഘട്ടത്തിൽ ഭാഷയിലും അത് സാധ്യമായി. പുതിയ തരത്തിലുള്ള ചിഹ്നങ്ങളൊക്കെ പ്രയോഗത്തിൽ വരികയും ചെയ്തു. പുതിയൊരു ചിഹ്നവ്യവസ്ഥ തന്നെ ഭാഷയിൽ നിലവിൽ വന്നു. അടുത്തുതന്നെ സ്മൈലികൾ മാത്രം വച്ച് കവിതയെഴുതുന്ന രീതിയും വന്നുകൂടെന്നില്ല

വാക്കുകൾ ഫണ്ടമെന്റലിസം ആവുകയും പദവും പദത്തിന്റെ അർത്ഥവും തമ്മിലുള്ള ബന്ധം പൊളിഞ്ഞുപോയത് തിരിച്ചറിയുകയും ചെയ്യുമ്പോൾ അതിനേക്കാൾ ഹൈടെക്ക് ആയ ഡിവൈസുകൾ കൊണ്ടുവന്ന് സ്ഥലത്തെയും കാലത്തെയും കുറിച്ചുള്ള ബോധം പൂർണമായും മാറ്റിമറിച്ച് പുതിയൊരു അവസ്ഥയുണ്ടാകുന്നു. പരമ്പരാഗതമായി വസ്തുനിഷ്ഠത/ യാഥാർത്ഥ്യം / സത്യം എന്നിവ പ്രധാനമായും രണ്ടു ഘടകങ്ങളെ ആയിരുന്നു ആശ്രയിച്ചിരുന്നത്- സ്ഥലം, കാലം എന്നിവയെ. എന്നാൽ ഹൈടെക് ആയതോടെ സ്ഥലകാലങ്ങൾ വെല്ലുവിളിക്കപ്പെട്ടു. കാരണം ഇവിടെയിരുന്ന് ഇവിടെയിരിക്കുന്നവരോടല്ല നിങ്ങൾ സംസാരിക്കുന്നത്, എവിടെയോ ഇരിക്കുന്നവരോടാണ്.സ്ഥലവും കാലവും മാറുന്നു. സ്ഥലവും കാലവും വെല്ലുവിളിക്കപ്പെടുമ്പോൾ വാക്കിന്റെ സംവൃതമായ നിറഞ്ഞ അർത്ഥം എന്നത് ആകപ്പാടെ വ്യവസ്ഥ ഇല്ലാത്ത ഒന്നായി മാറുന്നു. ഇങ്ങനെ ഒരേസമയം വെർച്ചെലും അതേസമയം റിയലുമായിരിക്കുന്ന വാക്കിന്റെ അർത്ഥം എന്നത് പുതിയ തലമുറ നേരിടേണ്ടിവരുന്ന ഒരു പ്രതിസന്ധിയാണ്. ഇവിടെ പുതിയ ഒരു ഭാഷാനടനക്രിയ മാത്രമല്ല, ഭാഷയുടെ, സൂക്ഷ്മതയെ മറ്റൊരു തലത്തിലേക്ക് വെച്ച് പ്രയോഗിക്കേണ്ടതുണ്ട് എന്ന് തോമസ് കുട്ടി കൂട്ടിച്ചേർക്കുന്നു.

"ഒരു അപരിഷ്കൃതനായ ആൾ എന്തു വിചാരിക്കുന്നു എന്ന നിലയിലാണ് സൈബർലോകത്ത് ജീവിക്കാത്ത എന്റെ അഭിപ്രായങ്ങൾ" എന്ന കാഴ്ചപ്പാടിലാണ് കവി പി. രാമൻ സൈബർ കവിതയെ സംബന്ധിച്ച തന്റെ നിരീക്ഷണങ്ങൾ പങ്കുവെക്കുന്നത് .

‘ ബ്ലോഗ്, ഫെയ്സ്ബുക്ക്, വാട്ട്സപ്പ് എന്നിങ്ങനെ സാങ്കേതിക വിദ്യകൾ മാറിവരുന്നു. എന്നാൽ ഇനി ബ്ലോഗിലേക്കു തന്നെ ഒരുപക്ഷെ തിരിച്ചു പോകേണ്ടിവരും എന്നു തോന്നുന്നു. ബ്ലോഗുകൾ സജീവമായിരുന്ന കാലത്തെ ശ്രദ്ധ ഇപ്പോൾ പുതുകവിതയ്ക്ക് കിട്ടുന്നില്ല.

ഫെയ്സ്ബുക്കിന്റെ വല്ലാത്തൊരുതരം ചലനാത്മകത ഉണ്ട്. വേഗത കൂടുന്നു. അത് പുതിയ ഭാവുകത്വങ്ങളെ അടയാളപ്പെടുത്താൻ, ദൃഢീകരിക്കാൻ വിസമ്മതിക്കുന്നു.

കവിതകൾ നീണ്ടുപോകുന്നതായിട്ട് നിരീക്ഷിച്ചിട്ടുണ്ട്, കവിതകളേക്കാൾ കഥകൾക്ക് നീണ്ടുപോകുന്ന സ്വഭാവം കാണുന്നു. ഇത് കൃത്രിമമല്ല, വളരെ സ്വാഭാവികമായി സംഭവിക്കുന്ന മാധ്യമത്തിന്റെ പ്രത്യേകതയാണ് ചില സാമ്പ്രദായികമായ രീതികൾക്ക് എതിരാണെങ്കിലും ഇവയ്ക്ക് ചില ഗുണങ്ങളുണ്ട്. മലയാള കവിത പൊതുവെ Narration തിരിച്ചുപിടിക്കുന്ന കാലമാണിത്. നീണ്ട നീണ്ട പോവുന്ന ഈ ആഖ്യാന പാരമ്പര്യം -പഴയരീതിയെ തിരിച്ചു പിടിച്ചതാണ്'' എന്ന മൗലികമായ നിരീക്ഷണമാണ് പി. രാമൻ മുന്നോട്ടുവെക്കുന്നത്.

നവമാധ്യമങ്ങൾ മലയാളകവിതയെ കൃത്യമായി നവീകരിച്ചിട്ടുണ്ട് എന്ന അഭിപ്രായമാണ് വിജു നായരങ്ങാടിക്കുള്ളത്. തൊട്ടുമുമ്പത്തെ സംവാദത്തിലെ ആധുനികതയ്ക്കും ആധുനികാനന്തരതയ്ക്കുമിടയിൽ വിച്ഛേദം സംഭവിച്ചിട്ടുണ്ടോ എന്ന ചോദ്യം ഇവിടെ ലിങ്ക് ചെയ്യേണ്ടതുണ്ട്. പി.പി. രാമചന്ദ്രന്റെ കവിതയുടെ കാലത്തിനപ്പുറത്തേക്ക് സഞ്ചരിച്ചില്ല എന്നതാണ് ആ സംവാദത്തിന്റെ ഒരു പരിമിതി. ആധുനികതയുടെ വിച്ഛേദത്തിൽ നിന്നാണ് കൃത്യമായി നവീകരണം സംഭവിക്കുന്നത്. ആരൊക്കെ അതിലിടപെട്ടു പ്രവർത്തിക്കുന്നു എന്നു നോക്കുമ്പോൾ ഒരുപാടുപേരുടെ പേരുകൾ വരുന്നു. എം.ആർ.വിഷ്ണു പ്രസാദ്, കുഴൂർ വിത്സൻ, ഇതിൽ പ്രവർത്തിച്ച നൂറോ നൂറ്റമ്പതോ പേരുടെ പേരു പറയാൻ സാധിക്കും. ഇവരെല്ലാം നവമാധ്യമത്തിലൂടെ കവിതയിൽ പ്രവർത്തിക്കുകയും കവിതയെ അടയാളപ്പെടുത്തുകയും കവിത, ജീവിതത്തിൽ- ഭാഷയിൽ-പ്രമേയത്തിൽ- ആവിഷ്കാരത്തിൽ - വളരെ കൃത്യമായി – അതുവരെ മലയാളകവിത കൊണ്ടുനടന്ന അനശ്വരതാബോധത്തെ വെടിഞ്ഞു. എന്തിനെഴുതുന്നു എന്ന ചോദ്യത്തിനു കിട്ടുന്ന ഉത്തരം കല്ലിൽ കൊത്തിയപോലെ കാലംകടന്ന് പ്രവർത്തിക്കേണ്ടതുണ്ട് എന്ന അടിസ്ഥാനപരമായബോധത്തെ മറികടന്നു എന്നതാണ്.

രാമൻ നേരത്തെ പറഞ്ഞപോലെ പുതിയ കവിതകൾ നീണ്ടു പോവുന്നത് എന്തുകൊണ്ടെന്നാൽ, നിലനിൽക്കണമെന്ന് യാതൊരു നിർബന്ധവും അതിനില്ല.

ഇതുതന്നെയാണ് അടിസ്ഥാനപരമായി ഈ നവീകരണ പ്രക്രിയയുടെ ബോധം. എന്നാൽ ബ്ലോഗ്, ഫെയ്സ്ബുക്ക് കവിതകൾ പുസ്തകരൂപത്തിൽ അച്ചടിച്ചുവരുമ്പോൾ അത് അനശ്വരതാബോധം വീണ്ടും കവികൾക്കുള്ളിൽ പ്രവർത്തിപ്പിക്കുന്നു. അത്, ജീനിന്റെ പ്രശ്നമാണ്. കവി എന്ന നിലയിൽ ഞാനിവിടെ നിലനിൽക്കേണ്ടതാണ് എന്ന ബോധം എന്നു മുതൽ നമ്മുടെ കവികൾ വെടിയുന്നുവോ അന്ന് മലയാളകവിത അതിന്റെ പൂർണ്ണതയിലെത്തും.

ഭാവുകത്വരൂപീകരണം എന്ന പ്രശ്നം ഇനി മലയാളകവിത നേരിടേണ്ടിവരുമെന്ന് തോന്നുന്നില്ല. സുസ്ഥിരമായ ഒരു ഭാവുകത്വം മലയാളകവിതയിൽ നിന്ന് പ്രതീക്ഷിക്കേണ്ട. അങ്ങനെ സംഭവിക്കണമെങ്കിൽ ഈ പറയുന്ന പുതിയ മാധ്യമങ്ങളെല്ലാം ഒരൊറ്റനിമിഷം കൊണ്ട് കടലെടുത്ത് പോവേണ്ടിവരും എന്നുകൂടി വിജു നായരങ്ങാടി കൂട്ടിച്ചേർത്തു.

കെ.എം. പ്രമോദ് നവമാധ്യമകവിതയുടെ മറ്റൊരുതലത്തിലാണ് ഊന്നുന്നത്. നവമാധ്യമങ്ങളെ സംബന്ധിച്ച് വായനക്കാരുടെ ഇടപെടലാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ വായനക്കാരന് നേരിട്ട് ഇടപെടാൻ സാധിക്കുന്നു. കത്തെഴുതുന്നതിനേക്കാൾ അച്ചടി മാധ്യമങ്ങളേക്കാൾ വായനക്കാരന് ഇടപെടാനുള്ള സ്പെയ്സ് ഇവിടെയുണ്ട്. കവിത എഴുതാൻ ആഗ്രഹമുള്ള ആർക്കും കവിയാകാനുള്ള ജനാധിപത്യം നവമാധ്യമങ്ങൾ നൽകുന്നുണ്ട്.

ഭാഷയെക്കുറിച്ചു ചിന്തിക്കുന്ന ഒരാളാണ് കവിയായി മാറുക. ഇന്ന് പ്രവാസികൾ കൂടുതൽ കവിത എഴുതാനുള്ള കാര്യവും ഇതു തന്നെയാണ്. അയാൾ പിരിഞ്ഞിരിക്കുന്നത് കുടുംബത്തെ, നാട്ടുകാരെ- കൂട്ടുകാരെ മാത്രമല്ല, ഭാഷയെ കൂടിയാണ്. അയാൾ അവിടെയിരുന്ന് നിരന്തരം ഭാഷയെക്കുറിച്ചു കൂടിയാണ് ഓർമ്മിക്കുന്നത്. ഭാഷയെക്കുറിച്ച് ഓർമ്മിക്കുന്ന ഒരാൾക്ക് കവിയാകാതിരിക്കാനാവില്ല. കൂടുതൽ ചിന്തിക്കുന്നവർ കുറച്ചെഴുതുന്നു. അങ്ങനെയാണത് കവിതയാകുന്നത്. പി.എൻ.ഗോപീകൃഷ്ണന്റെ 'മടിയരുടെ മാനിഫെസ്റ്റോ'യുടെ ആമുഖത്തിൽ അദ്ദേഹം പറയുന്നു: "മടിയിൽ നിന്നും വിരിയിച്ചെടുത്താണീ കവിതകൾ" മടി എന്നാൽ ചിന്തയും ആലോചനയും എല്ലാമാണ്.

ഒരു കവിയെക്കുറിച്ച് ഏറ്റവും കൂടുതൽ മനസ്സിലാക്കുന്നത് മറ്റൊരു കവിയായിരിക്കും. കവിത വായിച്ച് വായിച്ച് കവികളായവർ അല്ലെങ്കിൽ കമന്റുകൾ കുറിച്ച് കുറിച്ച് ഇതിനേക്കാൾ നല്ല കവിതകൾ എഴുതാൻ തനിക്കും കഴിയുമല്ലൊ എന്നറിഞ്ഞ്

കവികളായവർ. അവർക്കാണ് കവികളെ കൂടുതൽ അടുത്തറിയാൻ കഴിയുക. ഇങ്ങനെ ഇഷ്ടം പോലെ കമന്റുകൾ എഴുതാനും കവിത എഴുതാനും ചർച്ചകൾ തുറാക്കാനും പുതിയ മാധ്യമങ്ങൾ വലിയ അവസരം തന്നെ തരുന്നു. ഇങ്ങനെ നവമാധ്യമങ്ങൾ പുതു കവിതയെ വലിയ തോതിൽ നവീകരിച്ചിട്ടുണ്ട് എന്നാണ് കെ. എം. പ്രമോദിന്റെ നിഗമനം.

കവിതയ്ക്ക് മാത്രമാണ് ഒരു കാർണിവൽ സാധ്യമാകുന്നത്, ഏതുകാലത്തും കവിതയ്ക്ക് നിലനിൽക്കാൻ സാധിക്കുന്നു എന്നതിന്റെ അടയാളമാണിതെന്ന് കവി ശൈലൻ അഭിപ്രായപ്പെട്ടു. 'നവമാധ്യമങ്ങൾ കവിതയെ പുതുക്കുന്നുണ്ട്. ബ്ലോഗുകൾ കവിതയുടെ കുലീനതയെ നിലനിർത്തി. എന്നാൽ ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വന്നതോടെ ബ്ലോഗുകളുടെ കുലീനത നഷ്ടപ്പെട്ടു എന്നത് കവികളുടെ ഒരു വേവലാതിയാണ്.കവിത എഴുതാൻ നവമാധ്യമങ്ങൾ ഉപയോഗിക്കുന്ന ആളല്ല ഞാൻ, എന്നാൽ കവിതയെ മാർക്കറ്റ് ചെയ്യാൻ നവമാധ്യമങ്ങളെ ഉപയോഗിക്കാറുണ്ട്'.

മുമ്പ് എഴുതിയിരുന്ന കവികളെ, നവമാധ്യമങ്ങൾ എഴുതുന്നതിനുമുമ്പ് രണ്ടുവട്ടം ചിന്തിപ്പിക്കുന്നുണ്ട്. അവരുടെ കവിതയെ നവീകരിക്കാൻ ഈ മാധ്യമങ്ങൾക്ക് കഴിയുന്നു. വായനക്കാരനുണ്ട് എന്നതിനുള്ള തെളിവ് മാധ്യമങ്ങൾ നൽകുന്നു. അതുകവിതയെ നവീകരിക്കാൻ കാരണമാകുന്നു. അച്ചടി മാധ്യമങ്ങൾ ഇത്തരമൊരു നവീകരണ സാധ്യത തുറന്നു തന്നിരുന്നില്ല. ഇന്നു ഫെയ്സ്ബുക്കിലും മറ്റും ഒരു കവിത പോസ്റ്റ് ചെയ്താൽ അതിനു കൃത്യമായ പ്രതികരണം ലഭിക്കുന്നുണ്ട്. അതിനാൽ നവമാധ്യമങ്ങൾ കവിതയ്ക്ക് ഗുണകരമാണ്, ഒരു പരിധിവരെ കവിതയെ നവീകരിക്കുന്നുണ്ട് എന്നാണ് ശൈലന്റെ അഭിപ്രായം .

നവമാധ്യമങ്ങളിലൂടെ കവിത വളരുകയും കവിതയ്ക്ക് വല്ലാത്തൊരു സാധാരണത്വം സംഭവിക്കുകയും ചെയ്തു എന്ന് വി. അബ്ദുൾ ലത്തീഫ് നിരീക്ഷിക്കുന്നു. ഈ സാധാരണത്വത്തെ മറികടക്കുവാൻ കവികൾ നടത്തിയിട്ടുള്ള ശ്രമങ്ങൾ തന്നെയാണ് ഏതുരീതിയിൽ നവമാധ്യമങ്ങൾ കവിതയെ സ്വാധീനിച്ചു എന്ന അന്വേഷണത്തിൽ ചെന്നുനിൽക്കുന്നത്. ബ്ലോഗിലും ഫെയ്സ്ബുക്കിലുമായി മലയാള കവിത വളരെ സജീവമാകാൻ തുടങ്ങിയിട്ട് ചുരുങ്ങിയത് 10 വർഷമേ അയിട്ടുള്ളൂ. ഈ പത്തുവർഷത്തിനിപ്പുറം കവിതയെ സോഷ്യൽ

മീഡിയ എങ്ങനെ സ്വാധീനിച്ചു എന്നല്ല പരിശോധിക്കേണ്ടത്. അതിനൊക്കെ കുറച്ചപ്പുറം എന്തു സ്വാധീനമാണ് മാധ്യമങ്ങൾ ചെലുത്തിയത് എന്ന് അന്വേഷിക്കുകയാണ് വേണ്ടത്.

കവിത എല്ലാവർക്കും എഴുതാം എന്ന സാധാരണത്വം കവിതയ്ക്കുള്ളിൽ സൗന്ദര്യാത്മകമായ ഒരു പ്രതിസന്ധി ഉണ്ടാക്കിവെച്ചിട്ടുണ്ട്. ആർക്കും കവിത എഴുതാം എന്ന് നിലപാട് വന്ന സമയത്ത് എന്താണ് യഥാർത്ഥ കവിത?, ആരാണ് കവി? എന്നീ ചോദ്യങ്ങൾ ഉദിച്ചുവന്നു. എല്ലാ മനുഷ്യർക്കും ചില കാലത്ത് കവികളാകാൻ കഴിയും. പ്രണയമോ വിപ്ലവമോ ഒക്കെ ഏതു മനുഷ്യനേയും കവികളാക്കും. അത് കൂടാതെ കവികുലം എന്ന ഒന്നു തന്നെയുണ്ട്. അത് ആദികവിയിൽ നിന്നു പുറപ്പെട്ട് ഇങ്ങേത്തലം വരെ എത്തിനിൽക്കുന്നു. ഈ കവികുലത്തിന്റെ സവിശേഷത അവരുടെ ജീവിതം, അവരുടെ ശ്വാസം, രാഷ്ട്രീയ പ്രവർത്തനം , സൗന്ദര്യാസ്വാദനം എല്ലാം തന്നെ കവിത എന്ന മാധ്യമത്തിലൂടെ നിറവേറ്റുന്നവരായിരുന്നു. അത്തരം ആളുകളെ സംബന്ധിച്ച് ഈ നവമാധ്യമങ്ങളിലൂടെയുള്ള ഒഴുക്ക്, കവിതയിൽ സൗന്ദര്യാത്മക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇത് രണ്ടു തരത്തിലാണ് കാണാൻ കഴിയുന്നത്. അതിലൊന്ന് ആധുനികമായ നഗര പ്രതിസന്ധികളുടെ സൗന്ദര്യാത്മകമായ പ്രശ്നമാണ്. ഒരുപാട് കാഴ്ചകളും നിറങ്ങളും ബഹളങ്ങളും നിറഞ്ഞ ഒരു ലോകത്ത് എങ്ങനെയാണ് വാക്കുകൾ കൊണ്ട് ചലനങ്ങളും നിറങ്ങളും സൃഷ്ടിക്കുക എന്ന ഒരു പ്രതിസന്ധി പുതിയ കാലത്ത് കവിത എഴുതുന്ന എല്ലവരും നേരിടുന്നുണ്ട്.

മറ്റൊന്ന് സാങ്കേതികമായ പ്രതിസന്ധിയാണ്. പുതിയകാലത്ത് കവിത എന്നത് സാങ്കേതികം കൂടിയാണ്. സാങ്കേതികത എന്നതിൽ കവിതയിൽ നിന്നും കണ്ടെടുക്കാവുന്ന മൾട്ടീമീഡിയയുടെ ഒരുതലമാണ്. ഏത് അക്ഷരം സ്വീകരിക്കണം, ഏതു നിറം സ്വീകരിക്കണം, എന്റെ കവിതയുടെ കൂടെ ഏതു ചിത്രം / ചലചിത്രം സന്നിവേശിപ്പിക്കണം, ഇതിലേക്ക് എന്തു ഹൈപ്പർലിങ്ക് കൊണ്ടുവരണം എന്നൊക്കെയുള്ള ഈ കാലത്ത് - ഈ ഹൈപ്പർലിങ്ക് കവിതകളുടേയും പുതിയ പദസന്നിവേശത്തിന്റെ അച്ചുനിരത്തലിന്റെയും കാലത്ത് - ചലചിത്രങ്ങളുടേയും ശബ്ദങ്ങളുടേയും ബഹളത്തിനകത്ത് കവിത എഴുതുന്നവർ നേരിടുന്ന ഒരു പ്രതിസന്ധിയുണ്ട്. ഇതിനെ മറികടക്കാൻ മലയാളത്തിലെ കവികൾ ശ്രമിക്കുന്നുണ്ട്. രക്തത്തിൽ തന്നെ കവിതയുള്ള ആളുകൾ ഈ പ്രതിസന്ധിയെ

സൗന്ദര്യാത്മകമായി മറികടക്കുന്നത് കാണാം. കുഴൂർ വിത്സന്റേയും പി.രാമന്റെയും ചില കവിതകളിൽ ഇതു കാണാൻ കഴിയുന്നു എന്നും ലത്തീഫ് കൂട്ടിച്ചേർത്തു.

ഈ സംവാദത്തിലെ ഏറ്റവും പ്രധാനപ്പെട്ട വൈരുധ്യം നവമാധ്യമങ്ങളുടെ സ്വാധീനം ഗുണപരമാണോ അതോ പ്രതിസന്ധിക്ക് കാരണമാണോ എന്നതാണ്. കെ.എം. പ്രമോദ്, ശൈലൻ, വിജു നായരങ്ങാടി എന്നിവരുടെ വാദങ്ങളെ സംയോജിപ്പിക്കുമ്പോൾ നവമാധ്യമങ്ങൾ ഒരു ജനാധിപത്യവൽക്കരണം സാധ്യമാക്കിയെന്ന് വ്യക്തമാകും. എഴുതാൻ ആഗ്രഹിക്കുന്ന ആർക്കും അവസരം നൽകുകയും വായനക്കാരുടെ നേരിട്ടുള്ള പ്രതികരണങ്ങൾ സാധ്യമാക്കുകയും ചെയ്തുകൊണ്ട് ഇത് കവിതയെ സാധാരണക്കാരന്റെ അടുത്ത് എത്തിച്ചു.

എന്നാൽ, ഈ ജനാധിപത്യവൽക്കരണം ഒരു സൗന്ദര്യാത്മക പ്രതിസന്ധിക്ക് നേരിട്ടുള്ള കാരണമായി മാറിയെന്ന വാദം വി. അബ്ദുൽലത്തീഫ് മുന്നോട്ടുവയ്ക്കുന്നു. കലാപരമായ മൂല്യനിർണ്ണയത്തിനുള്ള പരമ്പരാഗത അധികാര ശ്രേണികളെ ഈ ജനാധിപത്യം തകർത്തു. ഇത് വലിയ സാധ്യതകൾ തുറന്നു തന്നു, പക്ഷേ അതോടൊപ്പം നല്ല കവിത എന്താണെന്ന് നിർവചിക്കുന്നതിലെ പ്രതിസന്ധിയും സൃഷ്ടിച്ചു. അതിനാൽ, നവമാധ്യമങ്ങളുടെ സ്വാധീനം ഒരേസമയം ഗുണപരവും പ്രതിസന്ധി നിറഞ്ഞതുമാണ്.

അതോടൊപ്പം തന്നെ നവമാധ്യമ കവിതകളുടെ രൂപത്തിലും ഭാവുകത്വത്തിലും വന്ന മാറ്റങ്ങൾ സംവാദത്തിൽ പലതവണ ചർച്ച ചെയ്യപ്പെട്ടു. എൽ. തോമസ് കുട്ടിയുടെയും വി. അബ്ദുൽലത്തീഫിന്റെയും നിരീക്ഷണങ്ങൾ പുതിയ കവിതയുടെ ഭാഷയിൽ വന്ന മാറ്റങ്ങളെക്കുറിച്ചാണ്. ഹൈപ്പർലിങ്കുകൾ, ഇമോജികൾ, ചിത്രങ്ങൾ തുടങ്ങിയവ കവിതയുടെ ഭാഗമാകാമെന്ന സാധ്യത ഈ കവിതകളെ അച്ചടി മാധ്യമങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നു. നഗരപ്രതിസന്ധിക്ക് മറുപടിയായി വാക്കുകൾ കൊണ്ട് ചലനങ്ങളും ഭാവങ്ങളും സൃഷ്ടിക്കുന്നതിനുള്ള വെല്ലുവിളി, ഹൈപ്പർലിങ്കുകൾ പോലുള്ള സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ കവികൾ മറികടക്കാൻ ശ്രമിക്കുന്നു.

പി. രാമന്റെയും വിജു നായരങ്ങാടിയുടെയും നിരീക്ഷണങ്ങൾ പുതിയ കവിതകളുടെ ആഖ്യാന സ്വഭാവത്തെക്കുറിച്ചാണ്. നവമാധ്യമങ്ങളിൽ കവിതകൾക്ക് നിലനിൽക്കണമെന്ന് നിർബന്ധമില്ലാത്തതിനാൽ അവ നീണ്ടുപോകുന്നു എന്ന വിജുവിന്റെ വാദം ഈ

പ്രതിഭാസത്തിന് ഒരു പുതിയ വ്യാഖ്യാനം നൽകുന്നു. അച്ചടി മാധ്യമങ്ങളുടെ പരിമിതികളെ മറികടന്ന്, ഒരു നിമിഷത്തേക്ക് മാത്രം നിലനിൽക്കുന്ന ഒരു അനുഭവഖണ്ഡം സാധിക്കാൻകൂടി നവമാധ്യമകവിതയ്ക്ക് കഴിയുന്നു. എന്നാൽ അതേ സമയം ഹ്രസ്വകവിതകൾക്ക് പുറമേ, നീണ്ട ആഖ്യാന സ്വഭാവമുള്ള കവിതകൾ നവമാധ്യമങ്ങളിൽ വർദ്ധിക്കുന്നുമുണ്ട്. ഇത് പരമ്പരാഗത കവിതാരീതിയെ ഒരു പുതിയ തലത്തിൽ പുനരാവിഷ്കരിക്കുകയാണെന്ന നിരീക്ഷണം പ്രസക്തമാണ്.

വായനക്കാരൻ നിഷ്ക്രിയ ആസ്വാദകൻ എന്ന നിലയിൽ നിന്ന് സജീവമായ പ്രതികരണ ശേഷിയുള്ള പങ്കാളിത്തക്കാരനായി മാറുന്നു. ഇത് കവിതയെ കൂടുതൽ സംവേദനക്ഷമമാക്കുന്നു എന്ന സവിശേഷത കൂടി എടുത്തുപറയേണ്ടതാണ്. നവമാധ്യമങ്ങൾ കവിതയ്ക്ക് പുതിയ വായനക്കാരെയും കവികളെയും നൽകുന്നുണ്ട്. ഇത് കവിതയെ സമൂഹത്തിൽ കൂടുതൽ ദൃശ്യമാക്കുന്നു. അതേസമയം, കലാപരമായ മൂല്യനിർണ്ണയത്തിന്റെ പ്രശ്നങ്ങളും 'സാധാരണത്വ'ത്തിന്റെ വെല്ലുവിളികളും ഈ സൈബർ കവിതാമാധ്യമം നിരന്തരം അഭിമുഖീകരിക്കുന്നുമുണ്ട്.

സൈബർകവിതയുടെ പിൽക്കാല ദൃശ്യത, വായന ഇവ അതേ സമയം ഒരു പ്രശ്നമണ്ഡലം കൂടിയാണ്. ചുരുക്കത്തിൽ സൈബർകവിതയുടെ രംഗപ്രവേശത്തോടെ പുതുകവികൾ നേരിടുന്ന ഇത്തരം സൗന്ദര്യാത്മകമായ പ്രതിസന്ധിയെക്കുറിച്ചുള്ള അന്വേഷണത്തിന് വലിയ സാധ്യത നിലനിൽക്കുന്നു എന്നതാണ് പ്രധാനം .

നവമാധ്യമങ്ങൾ മലയാള കവിതയെ നവീകരിച്ചിരിക്കുന്നു എന്ന നിഗമനത്തിൽ ഈ അന്വേഷണത്തിന് എത്തിച്ചേരാൻ സാധിക്കും. എന്നാൽ ഈ നവീകരണം ഒരു ഏകമാനമായ പ്രക്രിയയല്ല. ഇത് ഒരേസമയം കവിതയുടെ ജനാധിപത്യവൽക്കരണം എന്ന സാധ്യതയും സൗന്ദര്യാത്മക പ്രതിസന്ധി എന്ന വെല്ലുവിളിയും ഉൾക്കൊള്ളുന്ന സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. നവമാധ്യമങ്ങളുടെ വേഗതയും ചലനാത്മകതയും കവിതയുടെ അനശ്വരതാബോധം ഇല്ലാതാക്കുകയും, അതിന് പകരം ഒരു നൈമിഷികത്വത്തെ പ്രദാനം ചെയ്യുകയും ചെയ്തു.

വാക്കിന്റെ അർത്ഥം സ്ഥലകാലങ്ങളിൽ നിന്ന് വേർപെടുന്ന ഈ പുതിയ ഭാഷാ-സാംസ്കാരികാവസ്ഥയിൽ, കവിത അതിന്റെ പഴയ രൂപങ്ങളിൽ ഒതുങ്ങാതെ പുതിയ ചിഹ്നങ്ങളെയും ആഖ്യാനങ്ങളെയും ഉൾക്കൊള്ളാൻ നിർബന്ധിതമാകുന്നു എന്നതാണ് ഈ മാറ്റത്തിന്റെ ഫലശ്രുതി.

**റഫറൻസ്**

കവിതയുടെ കാർണിവൽ 2016 പ്രൊസീഡിങ്ങ്സ്

Bolter, J. D. . *Writing Space: The Computer, Hypertext and the History of Writing*. Hillsdale, N.J.: Erlbaum, 1991

Eskelinen, M. . *Cybertext Poetics: International Texts In Critical Media Aesthetics*. New York: Continuum, 2012.

Fruin, N. W. Reading Digital Literature: Surface, Data, Interaction, and Expressive Processing. In Siemens, R. & Schreibman, S. (Eds), *A Companion to Digital Literary Studies*. West Sussex. UK: Blackwell Publishing Ltd., 2013

Hooverm, D .L., Culpeper, J., & O"Halloran, K.. *Digital Literary Studies: Corpus Approaches to Poetry, Prose, and Drama.* New York: Routledge, 2014.

Ray Siemens and Susan Schriebman( Editors) A Companion to Digital Literary Studies, 17 May 2013,Print ISBN:9781405148641

**വെബ്സൈറ്റുകൾ**

Kairos 15.2: Stephenson, Road Trip- cyber-poetry?, https://kairos.technorhetoric.net/15.2/praxis/stephenson/popups/popup-5a.html

Electronic Literature Collection A Publication of the Electronic Literature Organization, https://collection.eliterature.org/

Digital-poetry - Poetry Beyond Text, https://www.poetrybeyondtext.org/digital-poetry.html